# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 167 | 11.02.2020-ൽ മറുപടിക്ക്

## ക്വാറികൾക്കെതിരെയുള്ള പ്രതിഷേധ സമരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എം. സി. കമറുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വ്യവസ്ഥകൾ ലംഘിച്ചും നാടിനും നാട്ടുകാർക്കും അപകടകരമായും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ ഉയരുന്ന പ്രതിഷേധ സമരങ്ങൾ അടിച്ചമർത്താനുള്ള ശ്രമങ്ങൾ സംഘർഷങ്ങളും ക്രമസമാധാന പ്രശ്നങ്ങളും സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ ഉയരുന്ന പ്രതിഷേധ സമരങ്ങൾ അടിച്ചമർത്താനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്വാറി ഉടമകളോ തൊഴിലാളികളോ സമീപവാസികളെ ആക്രമിച്ചതായ രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.307/2019, വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം നം.97/2019. |
| (ബി) ക്വാറി മാഫിയയുടെ പണ സ്വാധീനത്തിന് വഴങ്ങി റവന്യൂ/പോലീസ് ഉദ്യോഗസ്ഥർ ക്വാറി ഉടമകളെ സഹായിക്കാൻ നാട്ടുകാർക്കെതിരെ മർദ്ദന മുറകളും കള്ളക്കേസുകളും എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികളെ സർക്കാർ അനുകൂലിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ക്വാറി മാഫിയയുടെ ഗുണ്ടകളിൽ നിന്നും അവരുടെ സ്വാധീനവലയത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പീഢനമേറ്റുവാങ്ങുന്ന ക്വാറി പ്രദേശങ്ങളിലെ നാട്ടുകാരെ രക്ഷിക്കാൻ ഈ പ്രശ്നത്തിൽ ഉന്നതതല ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ? | (സി) ക്വാറി ഉടമകളിൽ നിന്നോ, അവരുടെ സംഘാംഗങ്ങളിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ക്വാറി നിലനിന്ന പ്രദേശത്തെ ജനങ്ങൾക്ക് പീഢനങ്ങൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചാൽ പ്രസ്തുത കാര്യത്തിൽ അന്വേഷണം നടത്തി പരാതിക്കാധാരമായ സംഭവത്തിന്റെ നിജസ്ഥിതിക്ക് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ആവശ്യമാണെന്ന് കാണുന്ന പക്ഷം ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കേസുകളിന്മേൽ അന്വേഷണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ